Draft #2 of File 102645/AD A5-3/2021/AD A 5 Approved by Registrar on 15-Sep-2021 04:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 102645/AD A5-3/2021/എ ഡി എ 5 തീയതി: 15.09.2021

**സർക്കുലർ**

വിഷയം:- എൻ.പി.എസ്. അംഗത്വത്തിനുള്ള/ ഷിഫ്റ്റിംഗിനുള്ള അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- GO(P) No 20-2013-Fin dated 07-01-2013

01.04.2013 മുതൽ സർക്കാർ സേവനത്തിൽ പ്രവേശിച്ച മുഴുവൻ ജീവനക്കാരും സൂചന പ്രകാരം നിർബന്ധമായും **നാഷണൽ പെൻഷൻ സിസ്റ്റം (എൻ.പി.എസ്.)** അംഗത്വം എടുക്കേണ്ടതാണ്. ആകയാൽ നേരിട്ടുള്ള നിയമനം മുഖേനയോ, പി.എസ്.സി. മുഖേനയോ സർവ്വകലാശാലാ സേവനത്തിൽ പ്രവേശിക്കുന്ന അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച് 20 ദിവസത്തിനുള്ളിൽ അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിലവിൽ എൻ.പി.എസ്. അംഗത്വമുള്ളവരും, മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നോ, അന്തർസർവ്വകലാശാല സ്ഥലം മാറ്റം മുഖേനയോ സർവ്വകലാശാലാ സേവനത്തിൽ പ്രവേശിച്ചവരുമായ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാർ 20 ദിവസത്തിനുള്ളിൽ എൻ.പി.എസ്. ഷിഫ്റ്റിംഗിനുള്ള അപേക്ഷ നൽകേണ്ടതാണ്. ആകയാൽ 01.04.2013-ന് ശേഷം മേൽ സൂചിപ്പിച്ച വിധം സർവ്വകലാശാലാ സേവനത്തിൽ പ്രവേശിച്ച ജീവനക്കാർ ഇനിയും എൻ.പി.എസ്. അംഗത്വം/ ഷിഫ്റ്റിംഗ് അപേക്ഷ സമർപ്പിച്ചിട്ടില്ലെങ്കിൽ ആയത് ഈ പരിപത്ര തിയതി മുതൽ 20 ദിവസത്തിനകം **എഡി എ5 സെക്ഷനിൽ** സമർപ്പിക്കേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ